**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** | **06-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ അരവണ നിർമ്മാണത്തിലുണ്ടായ അപാകത പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ സി ആർ മഹേഷ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ , ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമലയിലെ അരവണ നിർമ്മാണത്തിന് ഭക്ഷ്യയോഗ്യമല്ലാത്ത ഏലക്ക ഉപയോഗിച്ച സംഭവത്തെ തുടർന്ന് അരവണ നിർമ്മാണം നിർത്തിവെക്കാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നോ; | (എ) | ഉത്തരവിട്ടിരുന്നു. |
| (ബി) | അരവണ നിർമ്മിക്കാൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അരവണ നിർമിക്കുവാൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ടെൻഡറുകൾ ക്ഷണിക്കുന്ന വേളയിൽ തന്നെ ആയതിന്റെ സാമ്പിളുകൾ ലഭ്യമാക്കി തിരുവനന്തപുരത്തെ ഫുഡ് സേഫ്റ്റി അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് ടി സാധനങ്ങളുടെ ടെൻഡറുകൾ അംഗീകരിച്ച് നൽകുന്നത്. തുടർന്ന് സാധനങ്ങൾ ശബരിമലയിൽ എത്തിക്കുന്നതിന് മുമ്പ് ഫുഡ് സേഫ്റ്റിയുടെ പമ്പയിലെ ലാബിൽ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കിയതിന് ശേഷമേ അരവണ നിർമ്മാണത്തിനായി ശബരിമലയിലേക്ക് എത്തിക്കാറുള്ളൂ. അപ്രകാരം പരിശോധിക്കുന്ന സാധനങ്ങൾ മാത്രമേ അരവണ നിർമ്മാണത്തിനായി ഉപയോഗിക്കുന്നുള്ളൂ. |
| (സി) | അരവണയിൽ ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കുമോ; | (സി) | അരവണ നിർമിക്കുവാൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ടെൻഡറുകൾ ക്ഷണിക്കുന്ന വേളയിൽ തന്നെ ആയതിന്റെ സാമ്പിളുകൾ ലഭ്യമാക്കി തിരുവനന്തപുരത്തെ ഫുഡ് സേഫ്റ്റി അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് ടി സാധനങ്ങളുടെ ടെൻഡറുകൾ അംഗീകരിച്ച് നൽകുന്നത്. തുടർന്ന് സാധനങ്ങൾ ശബരിമലയിൽ എത്തിക്കുന്നതിന് മുമ്പ് ഫുഡ് സേഫ്റ്റിയുടെ പമ്പയിലെ ലാബിൽ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കിയതിന് ശേഷമേ അരവണ നിർമ്മാണത്തിനായി ശബരിമലയിലേക്ക് എത്തിക്കാറുള്ളൂ. അപ്രകാരം പരിശോധിക്കുന്ന സാധനങ്ങൾ മാത്രമേ അരവണ നിർമ്മാണത്തിനായി ഉപയോഗിക്കുന്നുള്ളൂ. |
| (ഡി) | പ്രസ്തുത സംഭവത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | ദേവസ്വം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നു വരുന്നു. വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ